LIBRARY ARCHIVES Kerala Legislative Assembly

പൊതുമേഖലാ സ്ഥാപനങ്ങൾ

222 (589) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ മാനേജിംഗ് ഡയറക്ടർ തസ്തികയിൽ ജോലി ചെയ്യുന്നതിനുള്ള പ്രായപരിധിയും വിദ്യാഭ്യാസ യോഗ്യതയും സംബന്ധിച്ച് സ്ഥാപനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ;

(സി) ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിൽ എഴുപത് വയസ്സിന് മേൽ പ്രായമുള്ള മാനേജിംഗ് ഡയറക്ടറോ ജനറൽ മാനേജറോ നിലവിലുണ്ടോ ;

(ഡി) എങ്കിൽ സ്ഥാപനത്തിന്റെ പേരും പ്രസ്തുത തസ്തികയിൽ തുടരുന്ന വ്യക്തികളുടെ പേരും വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ 43 പൊതുമേഖലാ സ്ഥാപനങ്ങളും ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനും അടക്കം 44 സ്ഥാപനങ്ങളാണ് നിലവിൽ പ്രവർത്തിക്കുന്നത്. കമ്പനികളുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ 11-5-2015-ലെ സ.ഉ. (എംഎസ്.)നമ്പർ 19/2015/പ്ലാനിംഗ് ഉത്തരവ് പ്രകാരം കമ്പനി നിയമപ്രകാരം രജിസ്റ്റർ ചെയ്ത പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരുടെ പ്രായപരിധി 65 വയസായി നിജപ്പെടുത്തിയിട്ടുണ്ട്. കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളിൽ ഇത് ബാധകമാക്കിയിട്ടില്ല.

സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ മാനേജിംഗ് ഡയറക്ടർമാരെ തെരഞ്ഞെടുക്കുന്നതിനായി റിയാബ് മുഖേന 2012-ൽ നടത്തിയ വിജ്ഞാപനത്തിൽ ബി.എസ്.സി. എഞ്ചിനീയറിംഗ്/ ബി.ടെക്.-ഓടുകൂടിയ എം.ബി.എ. ആണ് നിയമനം ലഭിക്കുന്നതിനുള്ള അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ചിട്ടുള്ളത്.

(സി&ഡി) ഉണ്ട്. കെൽ, കൊല്ലം കോപ്പറേറ്റീവ് സ്പിന്നിംഗ് മിൽ എന്നീ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാർ 70 വയസ്സിനുമേൽ പ്രായമുള്ളവരാണ്.

സ്ഥാപനത്തിന്റെ പേര്	മാനേജിംഗ് ഡയറക്ടറുടെ പേര്
കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്	കമാൻഡർ (റിട്ട.) കെ. ഷംസുദ്ദീൻ
ദി കയിലോൺ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്	ശ്രീ. കെ. കെ. പി. വർഗീസ് ജോൺ

ജനറൽ മാനേജർമാരുടെ വിവരം ശേഖരിച്ചുനൽകുന്നതാണ്.

പൊതുമേഖലാ സ്ഥാപനങ്ങൾ

223 (590) ശ്രീ. റ്റി. വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ പുതുതായി ആരംഭിച്ചിട്ടുണ്ട് ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് പ്രവർത്തിച്ചിരുന്ന ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങൾ നിലവിൽ പൂട്ടിക്കിടക്കുന്നുണ്ട് ;

(സി) മുൻ സർക്കാരിന്റെ കാലത്ത് ലാഭത്തിൽ പ്രവർത്തിച്ച ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളാണ് നിലവിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നത്, വിശദാംശം നൽകുമോ ;

(ഡി) നിലവിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണ് ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലയിൽ പുതിയതായി ഒരു സ്ഥാപനവും ആരംഭിച്ചിട്ടില്ല.

(ബി) മുൻ സർക്കാരിന്റെ കാലത്ത് പ്രവർത്തിച്ചിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളൊന്നും പൂട്ടിക്കിടക്കുന്നില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ലാഭത്തിൽ പ്രവർത്തിച്ചിരുന്ന 11 സ്ഥാപനങ്ങൾ 2014-15 സാമ്പത്തിക വർഷം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ഡി) 2014-15 സാമ്പത്തിക വർഷത്തിൽ ആഡിറ്റിന് മുൻപുള്ള കണക്കുകൾ പ്രകാരം ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly